ഇ2- 1105/2020

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്
തിരുവനന്തപുരം-14
ഫോൺ: 0471-2529111
ഫാക്സ് : 0471-2338491
email: apccf-admin.for@kerala.gov.in.
തീയതി: 28-05-2020

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം),

എല്ലാ ടെറിട്ടോറിയൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

സർ,

വിഷയം:- വനം വകുപ്പ് - എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. G.O.(P) No.21/2014/P&ARD തീയതി. 19-07-2014
2. G.O.(P) No.4/2020/P&ARD തീയതി 22/1/2020
3. ഈ ഓഫീസിലെ 11-03-2020 ലെ ഇതേ നമ്പർ കത്ത്

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ സർവീസിലെ ക്ലാസ് ഫോർ വിഭാഗം ജീവനക്കാർക്കും താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാർക്കും എൽ.ഡി. ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് ജില്ല അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്ന് സൂചന (2) ഉത്തരവിൽ നിഷ്കർഷിക്കുന്നു. സൂചന (1) ഉത്തരവിൽ പറയും പ്രകാരം ജില്ലാ അടിസ്ഥാനത്തിൽ എൽ.ഡി.ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് വെവ്വേറെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി ടി ഉത്തരവിൽ പറയും പ്രകാരം നിയമനം നടത്തേണ്ടതാണ്. സൂചന (3) പ്രകാരം സർക്കിൾ തലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നൽകിയ നിർദ്ദേശം ഇതിനാൽ റദ്ദ് ചെയ്തതായി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) ക്കു വേണ്ടി.

പകർപ്പ്- ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (IT) യ്ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി നൽകുന്നു.